# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1353** — **20.01.2014 ൽ മറുപടിക്ക്**

## സപ്ലൈകോ ഇ-ടെണ്ടർ

| ചോദ്യം<br>ശ്രീ. പി. ശ്രീരാമകൃഷ്ണൻ: | ഉത്തരം<br>ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി ) |
|---|---|
| (എ) സപ്ലൈകോ ഇ-ടെണ്ടർ മുഖേന സാധനങ്ങൾ വാങ്ങുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ ഇതിന്റെ നടപടി ക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; | (എ) സപ്ലൈകോ ഇ-ടെണ്ടർ സംവിധാനം വഴിയാണ് മാർക്കറ്റ് ഇന്റർ വെൻഷന് വേണ്ടിയുള്ള പലവ്യഞ്ജനം, അരി, പഞ്ചസാര മുതലായവ വാങ്ങുന്നത്. പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കപ്പെട്ട സംവിധാനം വഴി ഡിജിറ്റൽ സിഗ്നേച്ചർ ഉപയോഗിച്ച് വിതരണക്കാർ തങ്ങളുടെ നിരക്കുകൾ രേഖപ്പെടുത്തുന്നു. ഇതിൽ ഏറ്റവും കുറഞ്ഞ നിരക്ക് ഏതാണെന്ന് നിജപ്പെടുത്തുന്നതും അതിനനുസൃതമായി വിതരണക്കാരെ തിരഞ്ഞെടുത്ത് ഓർഡർ നൽകുന്നതും പൂർണ്ണമായി കമ്പ്യൂട്ടർ ജനറേറ്റഡ് രേഖകളുടെ അടിസ്ഥാനത്തിൽ തന്നെയാണ്. സെൻട്രൽ വിജിലൻസ് കമ്മീഷന്റെ അംഗീകാരമുള്ള സംവിധാനം വഴി മെച്ചപ്പെട്ട രീതിയിലാണ് സപ്ലൈകോ സാധനങ്ങൾ വാങ്ങുന്നത്. |
| (ബി) ഈ ശ്രമത്തെ കരാറുകാർ സംഘടിതമായി അട്ടിമറിക്കാൻ ശ്രമിക്കുന്നു എന്ന പത്രവാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന് ഉദ്യോഗസ്ഥരുടെ ഒത്താശയുണ്ടോ; | (ബി) പത്രവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കഴിഞ്ഞ 9 വർഷമായി വളരെ കാര്യക്ഷമമായാണ് ഈ സംവിധാനം പ്രവർത്തിക്കുന്നത്. സപ്ലൈകോയുടെ വിപണി ഇടപെടൽ വളരെ ഫലപ്രദമായി നടന്നു വരുന്നു. ഇതുവരെ ഇ-ടെണ്ടർ നടപടി ക്രമങ്ങൾ അട്ടിമറിക്കപ്പെട്ടിട്ടില്ല. |
| (സി) ഉല്പ്പന്നങ്ങൾ ഉല്പാദന കേന്ദ്രങ്ങളിൽ നിന്ന് നേരിട്ട് വാങ്ങുന്നതിന് ശ്രമം നടത്തിയിട്ടുണ്ടോ; അതിന് നിയമ തടസ്സമുണ്ടോ ; ഇല്ലെങ്കിൽ അത്തരത്തിൽ പർച്ചേസ് നടത്താൻ ഉദ്ദേശ്യമുണ്ടോ? | (സി) ഉണ്ട്. നിയമതടസ്സം ഒന്നുമില്ല. എന്നിരുന്നാലും ഏറ്റവും സുതാര്യമായ ഇ-ടെണ്ടർ പ്രക്രിയ വഴിയാണ് സാധാരണ സാധനങ്ങൾ വാങ്ങാറുള്ളത്. പല അവസരങ്ങളിലും ഇ-ടെണ്ടർ റേറ്റ് ഉൽപ്പാദന കേന്ദ്രങ്ങളിൽ നിന്ന് നേരിട്ട് ലഭിക്കുന്ന റേറ്റിനേക്കാളും കുറവായി ട്ടാണ് കണ്ടിട്ടുള്ളത്. 25 ലക്ഷത്തിലധികം വില വരുന്നവ ഇ-ടെണ്ടർ മുഖാന്തിരം വാങ്ങണമെന്നാണ് സർക്കാരിന്റെ പൊതു നിർദ്ദേശം. |

Beena

സെക്ഷൻ ഓഫീസർ

N